## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 5925 09.07.2012 - ൽ മറുപടിയ്ക്ക്

**പേരാമ്പ്ര സി.കെ.ജി. മെമ്മോറിയൽ ഗവൺമെന്റ് കോളേജ് പി.ജി ബ്ലോക്ക് നിർമ്മാണം**

| ചോദ്യം<br>**ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ** | ഉത്തരം<br>**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി)** |
|---|---|
| (എ) പേരാമ്പ്ര സി.കെ.ജി. മെമ്മോറിയൽ ഗവൺമെന്റ് കോളേജ് പി. ജി. ബ്ലോക്ക് നിർമ്മാണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണ് ; വെളിപ്പെടുത്തുമോ ; | (എ) പേരാമ്പ്ര സി.കെ.ജി. മെമ്മോറിയൽ ഗവൺമെന്റ് കോളേജ് പി. ജി. ബ്ലോക്ക് നിർമ്മാണത്തിന് 05.07.2012-ാം തീയതിയായി നിശ്ചയിച്ച് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന് എത്ര തുക വകയിരുത്തി ; ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ എപ്പോൾ ലഭിച്ചു ; വ്യക്തമാക്കുമോ ; | (ബി) പ്രസ്തുത പ്രവർത്തിക്ക് 2012-13 ലെ ബഡ്ജറ്റിൽ Vol:II പേജ്. 330, Item No. 101 ആയി 3,89,000/- രൂപ വകയിരുത്തിയിട്ടുണ്ട്. ജി.ഒ. (ആർ.ടി) നം. 1048/2009/ പൊ.മ.വ. 14.07.2009 തീയതിയായി 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 13.05.2010 ന് 110 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് പുതുക്കി 24.03.2012 ന് 115 ലക്ഷം രൂപയുടെ പുതുക്കിയ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. |
| (സി) പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ ഏത് ഘട്ടത്തിലാണ് ; | (സി) ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ഡി) പ്രസ്തുത കെട്ടിടനിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ; വെളിപ്പെടുത്തുമോ ;<br>(ഇ) പ്രസ്തുത പി.ജി. ബ്ലോക്ക് നിർമ്മാണം ആരംഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ ? | (ഡി) & (ഇ) ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

Majid

സെക്ഷൻ ഓഫീസർ